(ബി) എങ്കിൽ കള്ളിന്റെ വീര്യം എത്രയായാണ് നിജപ്പെടുത്തിയിരുന്നത്;

(സി) പ്രസ്തുത വ്യവസ്ഥ ഹൈക്കോടതി റദ്ദ് ചെയ്തുവോ;

(ഡി) പ്രസ്തുത നടപടിക്ക് കോടതി ചൂണ്ടിക്കാട്ടിയ ന്യായങ്ങൾ എന്തെല്ലാം;

(ഇ) കള്ളിൽ ചാരായമോ വിദേശ മദ്യമോ മറ്റെന്തെങ്കിലും വിധത്തിലുള്ള ആൾക്കഹോളോ ചേർത്തിട്ടുണ്ടോ എന്നറിയുവാനുള്ള മാർഗ്ഗം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസിലെ ചട്ടം 9 (2)-ൽ കള്ളിന്റെ വീര്യം നിജപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) തെങ്ങിൻ കള്ളിന് 8.1% V/V, പനങ്കള്ളിന് 5.2% V/V, ചൂണ്ടപ്പനയിൽ നിന്നുള്ള കള്ളിന് 5.9% V/V എന്നിങ്ങനെയാണ് വീര്യം നിശ്ചയിച്ചിട്ടുള്ളത്.

(സി) റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) കള്ളിന്റെ വീര്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന തെങ്ങിന്റേയും കാലത്തേയും ആശ്രയിച്ച് വ്യത്യാസപ്പെടുമെന്നും, കള്ളിനെ എക്സൈസ് മാനുവലിൽ ഫെർമെന്റഡ് ലിക്കറിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, ഫെർമെന്റഡ് ലിക്കറിൽ സ്വയം ഉണ്ടാകുന്ന ആൾക്കഹോളിന്റെ പരമാവധി വീര്യം 12% V/V വരെ ആകാമെന്നുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ബഹു. കോടതി ചട്ടം 9(2) അസാധുവാക്കിയത്.

(ഇ) കള്ളിന്റെ സാമ്പിൾ രാസപരിശോധനയ്ക്ക് വിധേയമാക്കുകയാണ് അതിൽ മറ്റ് ലഹരി പദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് അറിയുവാനുള്ള മാർഗ്ഗം.

ലഹരി മരുന്ന് വിൽപ്പന തടയുന്നതിനായി നടപടി

29 [4768] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലഹരി മരുന്ന് വിൽപ്പനയുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) എത്ര പേർ പ്രതികളായി;

(സി) എത്ര പേരെ ശിക്ഷിച്ചു;

(ഡി) ഇതിൽ സ്ത്രീകൾ എത്ര പേർ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 111 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) 96 പേർ പ്രതികളായി.

(സി) 3 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ കേസ്സുകളിൽ 3 സ്ത്രീകൾ പ്രതികളായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly